GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

27-06-2021

## കാർഷികവാർത്തകൾ

### 1. ഓണത്തിന് ഒരു മുറം പച്ചക്കറി

ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന ആശയം പ്രായോഗികമാക്കുന്നതു ലക്ഷ്യമിട്ടുകൊണ്ട് കർഷകർക്കും, വിദ്യാർഥികൾക്കും, വനിതാഗ്രൂപ്പുകൾക്കും, സന്നദ്ധസംഘടനകൾക്കും കൃഷിഭവൻ മുഖാന്തിരം സൗജന്യമായി പച്ചക്കറി വിത്തുകളും തൈകളും നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രാദേശിക കൃഷി ഓഫീസുമായി ബന്ധപ്പെടുക.

### 2. വീട്ടുപടിക്കൽവിത്ത്

കൃഷിക്കാവശ്യമായ നല്ലയിനം വിത്തുകൾ സ്പീഡ് പോസ്റ്റ്‌വഴി നൽകുവാനുള്ള പദ്ധതിയുമായി ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾചറൽ റിസേർച്ചിന്റെ (ICAR) ബെംഗളൂരുവിലെ ഗവേഷണസ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾചറൽ റിസർച്ച് (ഐഐഎച്ച്ആർ). ഐഐഎച്ച്ആറിന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.iihr.res.in സന്ദർശിച്ച് അതിലുള്ള 'സീഡ്പോർട്ടലിലൂടെ' ഓൺലൈനായി പണമടയ്ക്കുന്നവർക്ക് സ്പീഡ് പോസ്റ്റ് വഴി ഇന്ത്യയിലെവിടെയാണെങ്കിലും വിത്തുകൾ എത്തിക്കുന്നതിനുള്ള സൗകര്യം ചെയ്തിട്ടുണ്ടെന്ന് ഐഐഎച്ച്ആർ പച്ചക്കറിവിളവിഭാഗം അറിയിച്ചു.

### ഓൺലൈൻ പരിശീലനങ്ങൾ

3. **ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ** നേതൃത്വത്തിൽ 29-ന് രാവിലെ 11 മണി മുതൽ "ശുദ്ധമായ പാലുത്പാദനം" എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നൽകുന്നതാണ്. **9947775978**

എന്ന വാട്സ് ആപ് നമ്പറിലേക്ക് പേരും മേൽ വിലാസവും അയച്ചു നൽകിയും പരിശീലനത്തിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **04762698550**

**4. തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ** ആഭിമുഖ്യത്തിൽ ഈ മാസം 29-ന് താറാവ് വളർത്തൽ എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522711.**

5. **സംരഭകത്വ വികസന പദ്ധതിയുടെ ഭാഗമായി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡി**ന്റെ സഹകരണത്തോടെ സെൻട്രൽ ഹാച്ചറിയിൽ വച്ച് **ആദായകരമായ പാലുൽപാദനം, ആട് പരിപാലനം, പന്നി പരിപാലനം, ഫാം മാനേജ്മെന്റ്, ഡയറി പ്രോഡക്ട്സ്** തുടങ്ങിയ വിഷയങ്ങളിൽ കോവിഡ് നിയന്ത്രണങ്ങൾ മാറുന്ന മുറയ്ക്ക് കർഷകർക്ക് റസിഡൻഷ്യൽ പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ള കർഷകരും സംരംഭകരും ഈ മാസം 30-ന് മുമ്പായി **9188522703** എന്ന നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**6. തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്ര**ത്തിൽ ഈ മാസം 30-ന് രാവിലെ 11 മണിമുതൽ **ഫാം ലൈസൻസിംഗ്** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ നാളെ (28-6-2021) വൈകുന്നേരം 5 മണിക്ക് മുമ്പായി dtctvm99@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ പേര്, മേൽവിലാസം, വാട്ട്സ്ആപ്പ് നമ്പർ എന്നിവ അയച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക. **04712440911, 9446559818**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. **വലിയതുറ സ്റ്റേറ്റ് ഫോഡർ** ഫാമിനോടനുബന്ധിച്ചുള്ള 'തീറ്റപ്പുൽകൃഷിവികസന പരിശീലന കേന്ദ്ര'ത്തിൽ വച്ച് നാളെ (28.06.2021) **'ആദായകരമായ പാലുൽപാദനത്തിന് തീറ്റപ്പുൽകൃഷി'** എന്ന വിഷയത്തിൽ ക്ഷീരകർഷകർക്കായി ഗൂഗിൾമീറ്റ് മുഖേന പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഇനി പറയുന്ന ഫോൺ നമ്പരിലോ ഇ-മെയിൽവിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ: **940083181,** ഇ-മെയിൽ: sfftraining2021@gmail.com.

8. **ഫിഷറീസ് വകുപ്പ് ജലകൃഷി വികസന ഏജൻസി**യുടെ എരഞ്ഞോളി ഫിഷ് ഫാമിൽ പൂമീൻ കുഞ്ഞുങ്ങൾ വില്പനയ്ക്ക് തയ്യാറായതായി ഫിഷറീസ് അസി. ഡയറക്ടർ അറിയിച്ചു. താത്പര്യമുള്ളവർ **0490 2354073** എന്ന നമ്പറിൽ വിളിച്ച് ബുക്ക് ചെയ്യാം. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകിട്ട് അഞ്ച് വരെ വിൽപനയുണ്ടാകും .

9. **റബ്ബർ കൃഷിയിൽ റബ്ബർ ബോർഡ്** നാളെ മുതൽ ഈ മാസം 30 വരെ രാവിലെ 10 മുതൽ 1 മണി വരെ മൂന്നു ദിവസത്തെ ഓൺലൈൻ പരിശീലനം നൽകുന്നു. നൂതന നടീൽ വസ്തുക്കൾ, നടീൽരീതികൾ, വളപ്രയോഗം, കീടരോഗ നിയന്ത്രണം, ടാപ്പിംഗ്, തുടങ്ങിയവയാണ് ത്രിദിന പരിശീലന പരിപാടിയിലെ വിഷയങ്ങൾ. കൂടുതൽ വിവരങ്ങൾക്ക് **0481-2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ് ആപ്പ് നമ്പറിലോ ബന്ധപ്പെടുക.

10. **വിളപരിപാലന നിർദ്ദേശങ്ങൾ**

**പാവൽ** പടവലം തുടങ്ങിയ വെള്ളരിവർഗ വിളകളിൽ കണ്ടുവരുന്ന കായീച്ചകൾ കായ്കൾ പുഴുക്കുത്തി മൂപ്പെത്തുന്നതിനു മുന്നേ പഴുത്തു വീഴുന്നതിനു കാരണമാകുന്നു. ഇവയെ

നിയന്ത്രിക്കുന്നതിനായി ആക്രമണ വിധേയമായ കായ്കൾ ഒരടി ആഴത്തിൽ മണ്ണിൽ കുഴിച്ചിട്ടോ മണ്ണെണ്ണ ചേർത്ത വെള്ളത്തിലിട്ടോ നശിപ്പിക്കുക. പൂക്കൾവിരിഞ്ഞു തുടങ്ങുമ്പോൾ തന്നെ പേപ്പർ കൊണ്ട് പൊതിഞ്ഞു കൊടുക്കുന്നത് കീടാക്രമണം കുറയ്ക്കാൻ സഹായിക്കും. പഴക്കെണി, തുളസി കെണി എന്നിവയും കായീച്ചക്കെതിരെ ഉപയോഗിക്കണം. ക്യൂ ലുർ ഫിറമോൺ കെണി ഏക്കറിന് 7 എന്ന തോതിൽ പൂവിടുന്നതിനോടൊപ്പം ഉപയോഗിക്കാം. ബിവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തടത്തിൽ ഒഴിച്ച് കൊടുക്കുന്നതും കീടാക്രമണം നിയന്ത്രിക്കാൻ സഹായിക്കും.

### 11. മൃഗപരിപാലന നിർദ്ദേശങ്ങൾ

മഴക്കാലം കൊതുകുകൾക്കു മുട്ടയിട്ട് പെരുകാൻ അനുയോജ്യമായ സമയമായതിനാൽ തൊഴുത്തും അതിന്റെ പരിസരവും വൃത്തിയായി സൂക്ഷിക്കുക. മഴക്കാലമായതിനാൽ തീറ്റയിൽ പൂപ്പൽ ബാധ ഏൽക്കാൻ സാധ്യത ഉള്ളതിനാൽ കാലിത്തീറ്റ ദീർഘനാൾ വാങ്ങി സൂക്ഷിക്കാതിരിക്കാനും പൂപ്പൽ ബാധിച്ച തീറ്റകൾ കന്നുകാലികൾക്ക് നൽകാതിരിക്കാനും ശ്രദ്ധിക്കുക. തുടർച്ചയായ മഴയ്ക്ക് സാധ്യത ഉള്ളതിനാൽ തൊഴുത്തിൽ വെള്ളം കെട്ടി നിൽക്കുന്ന അവസ്ഥ ഒഴിവാക്കാൻ ശ്രദ്ധിക്കുക.

Sd/-
**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ .**